കാരണം ഐ.എച്ച്.ആർ.ഡി. ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ഇവ രണ്ടും പരിഹരിക്കുന്നമുറയ്ക്ക് അദ്ധ്യാപക ജീവനക്കാർക്ക് അർഹമായ ഗ്രേഡ് പ്രൊമോഷൻ (Career Advancement Scheme) അനുവദിച്ചുനൽകുന്നതാണ്.

(സി) ഐ.എച്ച്.ആർ.ഡി. ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പ്രോവിഡന്റ് ഫണ്ട് (സി.പി.എഫ്.) ആണ് നടപ്പിലാക്കിയിട്ടുള്ളത്.

ഐ.എച്ച്.ആർ.ഡി.-യിൽ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

### കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ നിയമനം

234(3666) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 9-12-2009-ലെ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയം നോട്ടിഫിക്കേഷൻ നം. E/2404/09 പ്രകാരം ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചപ്പോൾ നിശ്ചയിച്ചിരുന്ന യോഗ്യതകൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് നടത്തിയ എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ തസ്തികയിലെ നിയമനത്തിനുവേണ്ടിയുള്ള ഇന്റർവ്യൂവിന് മുൻപ് സയൻസ് മ്യൂസിയം സ്റ്റാഫ് കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയതിന്റെ റിപ്പോർട്ടും അറ്റൻഡൻസ് ഷീറ്റിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) നിയമനം ലഭിച്ച ഉദ്യോഗാർത്ഥികൾ സയൻസ് മ്യൂസിയത്തിൽ ഹാജരാക്കിയ കെ.ജി.ടി.ഇ. ടൈപ്പ് റൈറ്റിംഗ്(ഹയർ) സർട്ടിഫിക്കറ്റിന്റെ പകർപ്പും നിയമന ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

1. Pre-degree/equivalent or SSLC with KGTE Typewriting English (Higher)

2. One year experience in cash counter of Govt./Quasi Govt. firm or co-operative banks or societies.

(ബി) ടിക്കറ്റ് കൗണ്ടർ അസിസ്റ്റന്റ് തസ്തികയ്ക്ക് നടത്തിയ എഴുത്ത് പരീക്ഷയുടെയും ഇന്റർവ്യൂവിന്റെയും മാർക്കിന്റെ അടിസ്ഥാനത്തിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ഈ തസ്തികയിലെ നിയമനത്തിനുവേണ്ടിയുള്ള ഇന്റർവ്യൂവിന് മുമ്പ് സയൻസ് മ്യൂസിയം സ്റ്റാഫ് കമ്മിറ്റി ഉദ്യോഗാർത്ഥികളുടെ സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ നടത്തിയപ്പോൾ അറ്റൻഡൻസ് മാർക്ക് ചെയ്തിരുന്നില്ല. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) അനുബന്ധമായി* ചേർത്തിരിക്കുന്നു.

നിയമനം ലഭിച്ച ശ്രീമതി രേണുക മാത്രമെ K.G.T.E(ഹയർ) സർട്ടിഫിക്കറ്റ് ഹാജരാക്കിയിരുന്നുള്ളൂ. എന്നാൽ നിയമനം ലഭിച്ച മറ്റൊരു ഉദ്യോഗാർത്ഥിയായ ശ്രീ. മണികണ്ഠന് പ്രീ-ഡിഗ്രിക്ക് മുകളിൽ വിദ്യാഭ്യാസ യോഗ്യത ഉണ്ടായിരുന്നതിനാൽ K.G.T.E സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടിയിരുന്നില്ല.

**ധനുവച്ചപുരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിലെ നിയമനം**

235(3667) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ധനുവച്ചപുരം കോളേജ് ഓഫ് അപ്ലൈഡ് സയൻസിൽ പി. ജി. വിഭാഗം ഉൾപ്പെടെ നോൺ ടീച്ചിംഗ് വിഭാഗത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജോലി നോക്കിയിരുന്നവരുടെ പേരും തസ്തികയും വിലാസവും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരെ ആരെയെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പിരിച്ച് വിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പിരിച്ച് വിട്ട ജീവനക്കാരന്റെ പേരും തസ്തികയും വിലാസവും ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly